# മഹാത്മാഗാന്ധി സർവകലാശാല

പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, കേരളം – 686 560

(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി1/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)

110820/AD A7-3/2021/എ ഡി എ 7
09.06.2024

Draft #33 of File 110820/AD A7-3/2021/AD A 7 (PART-I) Approved by REGISTRAR (i/c) on 09-Jun-2024 07:49 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## പുനർവിജ്ഞാപനം

## ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ്- DASP കമ്പ്യൂട്ടർ ലാബ് ഇൻ ചാർജ് (താൽക്കാലിക കരാർ നിയമനം )

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് (DASP)-ലെ ഓൺലൈൻ പരീക്ഷ കേന്ദ്രത്തിൽ താഴെപറയുന്ന താൽക്കാലിക തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെടുന്നതിനു യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു.

**തസ്തിക** : കമ്പ്യൂട്ടർ ലാബ് ഇൻ ചാർജ് ( താത്കാലിക കരാർ അടിസ്ഥാനത്തിൽ )

**കരാർ കാലാവധി** :പ്രാരംഭത്തിൽ ഒരു വർഷവും പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ മൂന്ന് വർഷം വരെ ദീർഘിപ്പിക്കാവുന്നതാണ്.

**ഒഴിവ്** : ഒന്ന് (E/B/T* സംവരണം)

**യോഗ്യത** :

1. കമ്പ്യൂട്ടർ എഞ്ചിനീയറിംഗിലോ കമ്പ്യൂട്ടർ ഹാർഡ്‌വെയർ മെയിൻടെനൻസിലോ മൂന്ന് വർഷ പോളിടെക്നിക് ഡിപ്ലോമ.
2. Minimum one year experience in maintenance of computer hardware, Networking, Installation & maintenance of various operating systems & software.
3. Minimum one year experience in video and audio editing.

**വേതനം** : പ്രതിമാസം ₹15,000/ -(പതിനയ്യായിരം രൂപ മാത്രം ) രൂപ സഞ്ചിത നിരക്കിൽ.

**പ്രായപരിധി** : 01.01.2024 ൽ 36 വയസ്സ് കവിയരുത്

(*) - Abbreviation :- E /B /T :- Ezhava/ Billava/ Thiyya

താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന നിശ്ചിത അപേക്ഷഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ചും, പ്രായം (എസ്.എസ്.എൽ.സി), വിദ്യാഭ്യാസ യോഗ്യത (പോളിടെക്നിക് ഡിപ്ലോമ- കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് & സർട്ടിഫിക്കറ്റുകൾ), പ്രവൃത്തി പരിചയം, അധികയോഗ്യത, ജാതി, നോൺ ക്രിമിലെയർ പദവി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും സഹിതം ada7@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്കും, ടി അപേക്ഷയിലെ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് രജിസ്ട്രാർ, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം - 686560 എന്ന വിലാസത്തിലേക്ക് തപാൽ മുഖേനയും ഈ വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ലഭിക്കത്തക്ക വിധം അയക്കേണ്ടതാണ്. Application for the post of Computer Lab in Charge in Online Exam Centre, DASP എന്ന് സബ്ജക്ട് ഹെഡ് ചേർത്തായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. ലഭിക്കുന്ന അപേക്ഷകളുടെ പ്രാഥമിക പരിശോധനയിൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ അഭിമുഖത്തിൽ പങ്കെടുപ്പിക്കുന്നതാണ്. അഭിമുഖ തീയതിയും അനുബന്ധ വിവരങ്ങളും പിന്നീട് ഉദ്യോഗാർത്ഥിയുടെ ഇമെയിൽ വിലാസത്തിലേക്ക് അറിയിക്കുന്നതാണ്.

ടി അഭിമുഖത്തിലേക്കുള്ള പ്രവേശനം തികച്ചും താൽക്കാലികവും, അപേക്ഷയിൽ ചേർത്തിരിക്കുന്ന വ്യക്തിഗത/ അക്കാദമിക രേഖകളുടെ പരിശോധനക്ക് വിധേയവുമായിരിക്കും. അവസാന തീയതിക്ക് ശേഷം ലഭിക്കുന്നതോ അപൂർണ്ണമോ ആയ അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്. ടി തസ്തികയിലേക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗാർത്ഥി സർവ്വകലാശാലയുമായി നിർദിഷ്ട മാതൃകയിലുള്ള ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.

ഡോ.ജയചന്ദ്രൻ കെ
രജിസ്ട്രാർ (i/c)

പകർപ്പ്

1. പബ്ലിക് റിലേഷൻ ഓഫീസർ.
2. നോട്ടീസ് ബോർഡ്.
3. യൂണിവേഴ്സിറ്റി വെബ്സൈറ്റ്.

Draft #33 of File 110820/AD A7-3/2021/AD A 7 (PART-I) Approved by REGISTRAR (i/c) on 09-Jun-2024 07:49 AM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം